(ഡി) ഉണ്ട്. മണക്കടവ് വിയറിനു താഴെ (തമിഴ്നാട്) കേരളത്തിന് അളന്നു തരുന്ന ജലത്തിൽ നിന്നും തമിഴ്നാട്ടിലെ ചില ആളുകൾ പമ്പ് സെറ്റുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഗവൺമെന്റ് പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകാൻ നടപടി

107 [112] ശ്രീ. സി. പി. മുഹമ്മദ്:

" എം. കെ. പോൾസൺമാസ്റ്റർ:

" ഇ. എം. അഗസ്തി:

" എൻ. ഡി. അപ്പച്ചൻ:

" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കർമ്മ പരിപാടികൾക്ക് വിപുലമായ പ്രചരണം നൽകാറുണ്ടോ;

(ബി) ഇവ ജനങ്ങളെ അറിയിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണെടുക്കുന്നത്.

(സി) ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അപ്പോഴപ്പോൾ പ്രസ്സ് റിലീസ് കൊടുക്കാനും മാസാന്ത്യം അത് റിവ്യൂ ചെയ്തു ജനങ്ങളെ വിവരമറിയിക്കുവാനും നടപടി എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർമ്മ പരിപാടികൾ ജനങ്ങളെ അറിയിക്കുവാൻ വിവര പൊതുജന സമ്പർക്ക വകുപ്പ് നിത്യേന പത്രക്കുറിപ്പുകൾ നൽകുന്നു. വകുപ്പിന്റെ നാല് പ്രതിമാസ പ്രസിദ്ധീകരണങ്ങളിലൂടെ പ്രത്യേക പ്രചരണം നൽകിവരുന്നു. ആവശ്യം വരുമ്പോഴൊക്കെ അച്ചടി/ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് പരസ്യങ്ങൾ നൽകുകയും ലഘു പുസ്തകങ്ങൾ, ബ്രോഷറുകൾ എന്നിവ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്യുന്നു. പ്രദർശനങ്ങളും സംഘടിപ്പിക്കാറുണ്ട്. ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി യഥാസമയം മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിച്ചു. ഈ പരിപാടി അവസാനിച്ച സമയത്ത് അച്ചടി/ഇലക്ട്രോണിക് മാധ്യമങ്ങളിൽ ലേഖനങ്ങൾ/പരസ്യങ്ങൾ/ഡോക്യുമെന്ററി എന്നിവ നൽകി. "100 ദിവസം ജനങ്ങളോടൊത്ത്" എന്ന പുസ്തകം ഇറക്കി. മാവേലിക്കരയിലും, കോട്ടയത്തും പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുവാൻ നിത്യേന പ്രസ് റിലീസ് ഇറക്കി അച്ചടി/ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് നൽകി വരികയാണ്. അവശ്യം വേണ്ടിവരുന്ന സന്ദർഭങ്ങളിൽ പ്രത്യേക പത്രക്കുറിപ്പ് ഇറക്കുന്നുണ്ട്. വാർത്തകൾ ഒരു മാസത്തിനുശേഷം വീണ്ടും റിവ്യൂ ചെയ്ത്, സംഗ്രഹിച്ച്, മാധ്യമങ്ങൾക്ക് നൽകിയാൽ അവയ്ക്ക് പുതുമ ഇല്ലാതാകും എന്നതിനാൽ പ്രസിദ്ധീകരണ യോഗ്യമായിരിക്കില്ല.

മുഖ്യമന്ത്രിയുടെ പത്രസമ്മേളനം

108 [113] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി വിദേശ മാധ്യമ പ്രവർത്തകരുടെ പത്രസമ്മേളനം നടത്തിയത് ഏത് ഹോട്ടലിൽ വച്ചാണ്;

(ബി) ഇതിൽ ഏതെല്ലാം മാധ്യമങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു;

(സി) ഇതിനുവേണ്ടി എത്ര തുക സർക്കാർ ചെലവഴിച്ചു; ഈ പത്രസമ്മേളനത്തിൽ മദ്യസൽക്കാരം ഉണ്ടായിരുന്നോ; ഇതിന് എത്ര തുക ചെലവായി; ഈ തുക ആരാണ് ചെലവിട്ടത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രി ഒരു ഹോട്ടലിൽവച്ചും വിദേശ മാധ്യമ പ്രവർത്തകരുടെ പത്രസമ്മേളനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കൊച്ചിയിൽ സ്മാർട്ട് സിറ്റി

109 [114] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

ഡോ. എം. എ. കുട്ടപ്പൻ:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. ബാബു:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സ്മാർട്ട് സിറ്റി സ്ഥാപിക്കുവാനുള്ള അന്തിമ തീരുമാനമായോ;

LIBRARY ARCHIVES Kerala Legislative Assembly